# ഹൗസ്പ്രൗഡ് ബുക്ക്ലെറ്റ് കോപ്പി

## ഹൗസ്പ്രൗഡിലേയ്ക്ക് സ്വാഗതം
നിങ്ങളുടെ വീടിന്റെ റിപ്പയറുകൾ, നന്നാക്കലുകൾ, മാറ്റങ്ങൾ എന്നിവ നടത്താൻ, ഹൗസ്പ്രൗഡ് നിങ്ങളെ സഹായിക്കും.

കൗബോയ് ബിൽഡർമാരുടെയും പണിക്കായി പൈസ എവിടുന്നുണ്ടാവും എന്ന പ്രശ്നങ്ങളും ഇല്ലാതെ തന്നെ വീട് പണി നടത്തുക എന്നത് എത്ര പേടിപ്പെടുത്തുന്ന പ്രശ്നമാണ് എന്നത് ഞങ്ങൾക്ക് അറിയാം. പല ആളുകളും ഇത് മൊത്തത്തിൽ വേണ്ടെന്നു വയ്ക്കുന്നതിൽ അതിശയമില്ല.

ഇത്തരം അത്യാവശ്യ ജോലികൾ കിടയറ്റ രീതിയിലും ഏറ്റവും പ്രശ്നങ്ങൾ കുറച്ചും ചെയ്തെടുക്കാൻ ഹൗസ്പ്രൗഡ് ഒരു സുരക്ഷിതവും ലളിതവുമായ മാർഗ്ഗം ലഭ്യമാക്കുന്നു. അതുമാത്രമല്ല ഇതിനെല്ലാമായുള്ള പണം സംഘടിപ്പിക്കുകയാണ് പ്രശ്നം എങ്കിൽ ഹൗസ് പ്രൗഡ് അവിടെയും നിങ്ങളെ സഹായിക്കും.

ഹൗസ്പ്രൗഡിലൂടെ വിവിധതരം ലോണുകൾ ലഭ്യമാണ്. ഇവ പോക്കറ്റിൽ ഒതുങ്ങുമെന്ന് മാത്രമല്ല വയസ്സായവരുടെയും വികലാംഗരായവരുടെയും ആവശ്യങ്ങൾക്ക് ഉതകുന്നതിനനുസരിച്ച് നിർമ്മിച്ചതുമാണ്. അതുമാത്രമല്ല, എന്തു തന്നെ സംഭവിച്ചാലും റീപൊസഷനില്ല എന്നൊരു ഗ്യാരന്റിയും ഞങ്ങൾ തരുന്നു.

നിങ്ങളുടെ കൗൺസിൽ നയിക്കുന്ന ഒരു കൂട്ടം നോട്ട് ഫോർ പ്രോഫിറ്റ് സംഘടനകളാണ് ഹൗസ്പ്രൗഡ് നടത്തുന്നത്. 60 വയസ്സിന് മുകളിലുള്ളതോ അല്ലെങ്കിൽ വികലാംഗരോ (ഏതു പ്രായത്തിലുള്ളതും) ആയ വീട്ടുടമസ്ഥരെ അവരുടെ വീടുപണികളിൽ സഹായിക്കുക വഴി അവരുടെ ജീവിതം സുരക്ഷിതവും സ്വതന്ത്രവുമാക്കുക എന്നതാണ് ഹൗസ്പ്രൗഡിന്റെ ആത്യന്തിക ലക്ഷ്യം.

## ഹൗസ്പ്രൗഡ് എങ്ങനെയാണ് ജോലി ചെയ്യുന്നത്?
തുടക്കം മുതൽ ഒടുക്കം വരെ ഹൗസ്പ്രൗഡ് വ്യക്തിഗത സ്പർശമുള്ള ഒരു മുഴുവൻ വീട് നന്നാക്കൽ സേവനം തരുന്നു.

നിങ്ങൾക്കായി നിങ്ങളുടെ സ്വന്തം ഹൗസ്പ്രൗഡ് ഉപദേശകൻ നിർദ്ദേശിക്കപ്പെടുന്നു. അവർ നിങ്ങളുമായി എന്ത് നന്നാക്കൽ അല്ലെങ്കിൽ എന്ത് റിപ്പയറുകൾ, മാറ്റങ്ങൾ ആവശ്യമാണെന്നത് ചർച്ച ചെയ്യുന്നു. നിങ്ങൾ ഈ സ്കീമിലോ മറ്റേതെങ്കിലും സ്കീമിലോ ഇതിന് വേണ്ടി അർഹരാണോ എന്നതും പരിശോധിക്കുന്നു.

നിങ്ങളുടെ വീട് സന്ദർശിച്ച് എന്താണ് ചെയ്യേണ്ടതെന്നും അതിന് എത്ര ചിലവാകും എന്നതും മനസ്സിലാക്കാൻ കൗൺസിൽ ഉപദ്ദേശകനെ അയക്കും. നിങ്ങൾ എങ്ങനെ പണമടയ്ക്കും എന്നതിനെ കുറിച്ചുള്ള ഒരു ധാരണയിലെത്തിയാൽ കൗൺസിൽ നിങ്ങൾക്കായി ഒരു ഗുണനിലവാരമുള്ള ബിൽഡറെ നിർദ്ദേശിച്ച് ജോലി തുടങ്ങുന്നു. പണി മുഴുവനായാൽ അത് ശരിയായ വിധം ചെയ്തിരിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ പരിശോധനയും ഏർപ്പെടുത്തുന്നു.

## ഇതിനായി ഞാൻ എങ്ങനെ പണമടയ്ക്കും?
ഹൗസ്പ്രൗഡ് പോക്കറ്റിലൊതുങ്ങുന്നതും അപകടസാദ്ധ്യതകളില്ലാത്തതുമായ വയസ്സായവരുടെയും വികലാംഗരുടെയും ആവ്ശ്യങ്ങൾ പൂർത്തീകരിക്കാനായി പ്രത്യേകമായി രൂപപ്പെടുത്തിയ ലോണുകൾ ലഭ്യമാക്കുന്നു

ഹൗസ്പ്രൗഡ് കൊണ്ട് നിങ്ങളുടെ വീടിന്റെ മൂല്യത്തിന്റെ ഒരു ഭാഗം ജോലി ചെയ്യിക്കാനുള്ള പണമടയ്ക്കാനായി ലോണാക്കി മാറ്റാം. ഏത് തരം ലോണാണ് നിങ്ങൾക്ക് ഏറ്റവും നല്ലത് എന്ന് തീരുമാനിക്കാനായി നിങ്ങളുടെ വ്യക്തിഗത പരിസ്ഥിതികൾ കണക്കിലെടുക്കപ്പെടുന്നു. ചില സമയം നിങ്ങൾ ജീവിച്ചിരിക്കവെ തന്നെ പണം തിരിച്ചടക്കേണ്ട ആവശ്യം പോലും വരുന്നില്ല. അതിന് പകരമായി, നിങ്ങൾ കടമെടുക്കുന്ന പണവും അതിന്റെ പലിശയും നിങ്ങളുടെ വീട് വിൽക്കപ്പെടുന്ന സമയത്ത് എടുക്കപ്പെടുന്നു.

നിങ്ങൾക്ക് എത്ര രൂപ കടമെടുക്കണം എന്നത് മനസ്സിലായിക്കഴിഞ്ഞാൽ ലോണിനുള്ള ക്രമീകരണങ്ങൾ നടത്താനാവും.

## അഥവാ എനിക്ക് ലോൺ വേണ്ടന്നുണ്ടെങ്കിൽ?
യാതൊരു പ്രശ്നവുമില്ല. വീട് പണി നിങ്ങൾക്ക് സ്വന്തം സംപാദ്യത്തിൽ നിന്നും ചെയ്യണമെങ്കിലോ മറ്റെവിടെ നിന്നോ പണം തയ്യാറാക്കി ചെയ്യണമെങ്കിലോ ഹൗസ്പ്രൗഡ് ലോണെടുക്കാതെ തന്നെ അതിന്റെ സേവനങ്ങൾ നിങ്ങൾക്ക് തരുന്നു,

## എന്ത് തരം ലോണുകളാണ് ലഭ്യമായത്?
താഴെക്കൊടുത്തിരിക്കുന്നതാണ് നിങ്ങളുടെ പ്രധാന ഓപ്ഷനുകൾ :

- ❑ **കാപ്പിറ്റൽ റിലീസ് ലോൺ**
- ❑ **ഇന്ററസ്റ്റ് ഒൺലി ലോൺ**
- ❑ **കാപ്പിറ്റൽ ആന്റ് ഇന്ററസ്റ്റ് റീപേയ്മെന്റ് ലോൺ**

## കാപ്പിറ്റൽ റിലീസ് ലോൺ
ഇതിൽ നിങ്ങൾക്ക് മാസക്കണക്കിന് പണമടയ്ക്കേണ്ട ആവശ്യമില്ല.

നിങ്ങളുടെ വീട്ടിൽ നിന്നും താമസം മാറി വീട് വിൽക്കുന്ന സമയത്ത് മാത്രമേ ഈ ലോൺ തിരിച്ചടയ്ക്കേണ്ടതുള്ളൂ. ഉദാഹരണത്തിന് നിങ്ങളുടെ മരണ ശേഷം വീട് വിൽക്കപ്പെടുന്ന സമയത്ത് ബാങ്കോ, ബിൽഡിങ്ങ് സൊസൈറ്റിയോ ലോണിന്റെ യഥാർഥ തുകയും അത്രയും കാലത്തെ പലിശയും ചേർത്ത് വിൽപ്പനയിൽ നിന്ന് വസൂലാക്കി കൊള്ളും. മിച്ചം വരുന്നത് നിങ്ങളുടെ വീടിന്റെ മൂല്യത്തിൽ അത്രയും കാലം കൊണ്ട് തന്നെ വന്ന മാറ്റത്തെ ആശ്രയിച്ചിരിക്കും.

എന്നിരുന്നാലും നിങ്ങൾക്ക് വേണമെങ്കിൽ നേരത്തെ തന്നെ പണം തിരിച്ചടയ്ക്കാൻ തുടങ്ങാം, ആദ്യംപലിശ

പിന്നെ ലോൺ. അല്ലെങ്കിൽ മുഴുവൻ തുകയും പലിശയും ഒരുമിച്ച് അടയ്ക്കാനുള്ള സൗകര്യവും ഉണ്ട്. ആദ്യത്തെ വർഷത്തിൽ ഉണ്ടായേക്കാവുന്ന രണ്ടു മാസത്തെ പലിശത്തുകയല്ലാതെ, നേരത്തെ തന്നെ പണാമടയ്ക്കുന്നതിന് യാതൊരു
പെനാൽറ്റിയും ഇല്ല.

ഈ ലോൺ സാധാരണയായി ഒറ്റയ്ക്ക് താമസിക്കുന്നവർക്കും 75 ന് മുകളിലുള്ള ദംപതിമാർക്കും മാത്രം വേണ്ടിയുളതാണ്. ദംപതികൾ ഒരു ജോയിന്റ് അപേക്ഷ തരണം.

**ഈ മോർട്ട്ഗേജ് നിങ്ങൾക്ക് വീട് മാറണമെങ്കിലോ. വിൽക്കണമെങ്കിലോ, നിങ്ങളുടെ കുടുംബത്തിന് കൈമാറണമെങ്കിലോ പ്രയോജനം ചെയ്യുന്നു എന്ന് ശ്രദ്ധിക്കുക. അഥവാ ഇതിനെക്കുറിച്ച് എന്തെങ്കിലും സംശയമുണ്ടെങ്കിൽ സ്വതന്ത്രമായ ഉപദേശം തേടുക.**

## ഇന്ററസ്റ്റ് ഒൺലി ലോൺ

ഓരോ മാസവും ലോണിന്റെ പലിശ മാത്രം അടച്ചാൽ മതി. വസ്തു വിൽക്കപ്പെടും വരെ നിങ്ങൾ പലിശ അടയ്ക്കണം. നിങ്ങൾ കടമെടുത്ത യഥാർഥ തുക (കാപ്പിറ്റൽ) കുറയുന്നില്ല. അത് വീട് വിൽക്കപ്പെടുന്ന സമയത്ത് തിരിച്ചടയ്ക്കപ്പെടുന്നു.

വസ്തു വിൽക്കപ്പെടുന്ന സമയത്ത് ബാങ്കോ, ബിൽഡിങ്ങ് സൊസൈറ്റിയോ ലോണിന്റെ യഥാർഥ തുകയും അത്രയും കാലത്തെ പലിശയും ചേർത്ത് വിൽപ്പനയിൽ നിന്ന് വസൂലാക്കി കൊള്ളും.

നിങ്ങൾക്ക് ഇഷ്ടമുള്ളപ്പോൾ വാങ്ങിയ തുക തിരിച്ചടയ്ക്കാൻ തുടങ്ങാം. ലോൺ അടച്ചു തീരും വരെ ബാക്കിയുള്ള തുകയ്ക്കുള്ള പലിശ നിങ്ങൾക്ക് അടയ്ക്കേണ്ടി വരും.

കൂടുതലായി ഒന്നും കൊടുക്കാതെ മുഴുവൻ തുകയും പലിശയും ഒരുമിച്ച് അടയ്ക്കാനുള്ള സൗകര്യവും ഉണ്ട്.. പക്ഷെ ചില ബാങ്കുകളും ബിൽഡിങ്ങ് സൊസൈറ്റികളും ആദ്യത്തെ വർഷത്തിൽ രണ്ടു മാസത്തെ പലിശത്തുക അടയ്ക്കണം എന്ന് പറയാറുണ്ട്. .

ഈ ലോൺ ഒറ്റയ്ക്ക് താമസിക്കുന്നവർക്കും 60 ന് മുകളിലുള്ള ദംപതിമാർക്കും അല്ലെങ്കിൽ ഏതു പ്രായത്തിലുമുള്ള വികലാംഗരുള്ള വീടുകൾക്കും വേണ്ടിയുള്ളതാണ്..

## കാപ്പിറ്റൽ ആന്റ് ഇന്ററസ്റ്റ് റീപേയ്മെന്റ് ലോൺ

ഇത് നേർക്കുനേരെയുള്ള ഒരു മോർട്ട്ഗേജാണ്. നിങ്ങൾ മാസാമാസമടയ്ക്കുന്ന തുക പലിശയും നിങ്ങൾ കടമെടുത്ത യഥാർഥ തുകയുടെ ഒരു ഭാഗവും അടങ്ങുന്നതാണ്.

കടം തരുന്ന ആളുമായി എത്ര കാലത്തേയ്ക്കാണ് ലോൺ എന്നത് നിങ്ങൾ തീരുമാനിക്കുന്നു. കാലയളവ് എത്ര ചെറുതാണോ നിങ്ങൾ മാസാമാസം അടയ്ക്കേണ്ട തുക അത്ര കണ്ട് വലുതാകുന്നു. പക്ഷെ അത് അത്ര തന്നെ എളുപ്പം അടച്ചു തീരും എന്നതും ഓർക്കുക.

ഈ ലോൺ ഒറ്റയ്ക്ക് താമസിക്കുന്നവർക്കും 60 ന് മുകളിലുള്ള ദംപതിമാർക്കും അല്ലെങ്കിൽ ഏതു പ്രായത്തിലുമുള്ള വികലാംഗരുള്ള വീടുകൾക്കും വേണ്ടിയുള്ളതാണ്..

## അഡ്വാൻസിൻമേൽ എത്ര ശതമാനം പലിശ അടയ്ക്കേണ്ടി വരും?

മോർട്ട്ഗേജ് പലിശയുടെ നിരക്കിൽ സമയത്തിനനുസരിച്ച് മാറ്റം വരുന്നു. നിങ്ങൾ അഡ്വാൻസെടുക്കുന്ന സമയത്ത് പ്രയോഗത്തിലുള്ള യഥാർഥ നിരക്ക് ഉറപ്പാക്കാം. പലിശ നിരക്കിൽ മാറ്റം വരുന്നെങ്കിൽ അതു നിങ്ങളെ അറിയിച്ചിരിക്കും.

## എനിക്ക് ഏത് ലോണാണ് ഏറ്റവും നല്ലതെന്ന് ഞാൻ എങ്ങനെ തീരുമാനിക്കും?

നിങ്ങൾ ശരിയായ തീരുമാനം എടുക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നത് കൊണ്ട് ഹൗസ്പ്രൗഡ് ഒരു സ്വതന്ത്ര സാംപത്തിക ഉപദേശകനെ സൗജന്യമായി നിങ്ങൾക്ക് തരുന്നു. അവരുടെ ലിഖിത റിപ്പോർട്ട് നിങ്ങൾക്ക് ഏത് ലോണാണ് ഏറ്റവും ആനുയോജ്യം എന്ന് ശിപാർശ ചെയ്യുന്നു.

നിങ്ങൾ ലഭ്യമായ ഓപ്ഷനുകൾ സ്വന്തം കുടുംബാംഗങ്ങളുമായും, ആവശ്യമെങ്കിൽ നിങ്ങളുടെ നിയമോപദേശകനുമായും ചർച്ച ചെയ്യണമെന്നും ഞങ്ങൾ ആവശ്യപ്പെടും.

## മറ്റ് സ്കീമുകളെ കുറിച്ച് ഞാൻ ചില നല്ലതല്ലാത്ത റിപ്പോർട്ടുകൾ കേട്ടു. ഇത് ഞാൻ എങ്ങനെ വിശ്വസിക്കും?

ഹൗസ്പ്രൗഡ് നിങ്ങളുടെ ലോക്കൽ കൗൺസിനാൽ പിന്താങ്ങപ്പെടുന്നു. മാത്രമല്ല ഇതിന്റെ പങ്കാളികളുടെ ആത്യന്തിക ലക്ഷ്യം. നിങ്ങളെ നിങ്ങളുടെ സ്വന്തം വീട്ടിൽ സുരക്ഷിതവും സ്വതന്ത്രവുമായി ജീവിതം തുടരാൻ പ്രാപ്തരാക്കുക എന്നതാണ്.

## ഇതിൽ എന്റെ വീട് നഷ്ടപ്പെടാനുള്ള സാധ്യതകളുണ്ടോ?

ഹൗസ്പ്രൗഡിൽ നിങ്ങളുടെ വീട് ഒരിക്കലും അപകടത്തിലാവില്ല. നിങ്ങൾ അതിൽ താമസിക്കവെ വീട് കൈയ്യടക്കപ്പെടില്ല എന്ന വാഗ്ദാനം എല്ലാ ലോണിനുമൊപ്പം ഉണ്ട്.

## എന്തു വലിപ്പമുള്ള ലോൺ എനിക്കെടുക്കാം?

കടമെടുക്കുന്ന സമയത്ത് നിങ്ങളുടെ വരുമാനവും വീടിന്റെ മൂല്യവും കണക്കിലെടുക്കപ്പെടുന്നു. സാധാരണയായി ഇത് 3,000 പൗണ്ട് മുതൽ നിങ്ങളുടെ വസ്തുവിന്റെ ഇപ്പോഴത്തെ മൂല്യത്തിന്റെ 30% വരെ നീളുന്നു.

നിങ്ങലുടെ തന്നെ ഗുണത്തിനായി, നിങ്ങൾ തിരഞ്ഞെടുക്കുന്ന തിരിച്ചടക്കൽ മാർഗ്ഗം നിങ്ങളെ വലയ്ക്കുന്നില്ല എന്ന ഉറപ്പ് മാത്രമേ ഞങ്ങൾക്ക് വേണ്ടൂ.

## എനിക്ക് ഇൻഷ്വറൻസ് ആവശ്യമാണോ?

അതെ. നിങ്ങളുടെ വീടിനു വേണ്ടി ലോണെടുക്കണമെങ്കിൽ അത് കെട്ടിട ഇൻഷ്വറൻസ് ചെയ്തതായിരിക്കണം.

കാപ്പിറ്റൽ റിലീസ് ലോണിൽ നിങ്ങൾക്ക് കടം തരുന്നതല്ലാതെ മറ്റൊരു കംപനിയിലാന് നിങ്ങളുടെ ഇൻഷ്വറൻസ് എങ്കിൽ കോൺട്രാക്ടിന്റെ ഭാഗമായി നിങ്ങൾ എല്ലാ വർഷവും 10 പൗണ്ട് അഡ്മിനിസ്ട്രേഷൻ

ഫീ ബാങ്കിനോ ബിൽഡിങ്ങ് സൊസൈറ്റിയ്ക്കോ കൊടുക്കണം. മറ്റ് ലോണുകൾക്ക് ബാങ്കോ ബിൽഡിങ്ങ് സൊസൈറ്റിയോ അല്ല ഇൻഷ്വറൻസ് ശരിപ്പെടുത്തി തന്നതെങ്കിൽ അവർ ഒരു പ്രാവിശ്യം 25 പൗണ്ട് ചാർജ് ചെയ്തേക്കാം.

**ഏതെങ്കിലും മെഡിക്കൽ പരിശോധനയുണ്ടോ?**
സാധാരണയായി നിങ്ങളുടെ ആരോഗ്യത്തിന്റെ തെളിവൊന്നും ആവശ്യമില്ല. എന്നാൽ 60 വയസ്സിനു താഴെയുള്ളവർക്കായി വീട്ടിൽ ഒരു വികലാംഗനുണ്ട് എന്നതിന് തെളിവ് വേണം.

**എനിക്ക് ഡിസെബിലിറ്റീസ് ഫെസിലിറ്റീസ് ഗ്രാന്റ് ലഭിക്കുന്നുണ്ട്. എനിക്ക് ഹൗസ്പ്രൗഡ് ലോണും ലഭിക്കുമോ?**
ലഭിക്കും. നിങ്ങളുടെ ഗ്രാന്റ് കൊണ്ട് അടയ്ക്കാൻ സാധിക്കാത്ത ജോലിയുടെ വിലയോ, അല്ലെങ്കിൽ കൂതുതൽ ജോലിയ്ക്കായി പണമടയ്ക്കാനോ ഹൗസ്പ്രൗഡ് നിങ്ങളെ സഹായിക്കും.

**പ്രായപരിധികൾ?**
കാപ്പിറ്റൽ ആൻഡ് ഇന്ററസ്റ്റ് റീപേയ്മെന്റ് ലോൺ അഥവാ ഇന്ററസ്റ്റ് ഒൺലി ലോൺ എടുക്കാനായി 60 വയസ്സിന് മുകളിലായിരിക്കണം അല്ലെങ്കിൽ വീട്ടിൽ വികലാംഗരുണ്ടായിരിക്കണം. കൂടുതൽ പ്രായമായ വീട്ടുടമസ്ഥർക്ക്, സാധാരണയായി 75ന് മുകളിലുള്ളവർക്ക് കാപ്പിറ്റൽ റിലീസ് ലോൺ ലഭ്യമാണ്.

**ഏതെങ്കിലും അധിക ചാർജുകളുണ്ടോ?**
വിലയിരുത്തൽ, നിയമം, അഡ്മിനിസ്ട്രേഷൻ ഫീസ് എന്നിവയുടെ ചാർജുകളുണ്ട്. ഇവ പോക്കറ്റിലൊതുങ്ങുന്നവയാക്കാൻ വേണ്ടി ഹൗസ്പ്രൗഡ് പ്രത്യേക വിലപേശൽ നടത്തുന്നുണ്ട്. നിങ്ങൾ ലോണെടുക്കും മുൻപ് തന്നെ ഇവയെക്കുറിച്ച് നിങ്ങളെ അറിയിച്ചിരിക്കും.. നിങ്ങൾക്ക് അവ ലോണിന്റെ തുകയിൽ കൂട്ടിച്ചേർക്കാനുമാവും. അതിനായി സംപാദ്യമൊന്നും ഉപയോഗിക്കേണ്ടി വരില്ല. മുന്നോട്ട് പോകാൻ നിങ്ങൾ തീരുമാനിക്കുന്നില്ലെങ്കിൽ യാതൊരു ചിലവും ചെയ്യേണ്ടതില്ല. ചിലവുകൾ വഹിക്കാനായുള്ള സാംപത്തിക സഹായവും ലഭ്യമായിരിക്കാം. ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ നിങ്ങളൂടെ ഹൗസ്പ്രൗഡ് ഉപദേശകൻ നിങ്ങൾക്ക് തരും.

**എന്തൊക്കെ ജോലികളാണ് ഹൗസ്പ്രൗഡ് ചെയ്തു തരുന്നത്?**
**ചില ഉദ്ദാഹരണങ്ങൾ :**
- ❑ പുതിയ കുളിമുറി
- ❑ ഇലക്ട്രിക്കൽ റീവയറിങ്ങ്
- ❑ സെൻട്രൽ ഹീറ്റിങ്ങ്
- ❑ പുതിയ മേൽക്കൂര
- ❑ വാതിലുകളും ജനാലകളും മാറ്റി വയ്ക്കുക.
- ❑ പുതിയ ഗട്ടറിങ്ങ്
- ❑ പ്ലംപിങ്ങ്
- ❑ അടുക്കളയിലുള്ള മാറ്റങ്ങൾ
- ❑ വീടിന് കൂടുതൽ നന്നായ സുരക്ഷാ സംവിധാനം
- ❑ വീട്ടിൽ വികലാംഗരുണ്ടെങ്കിൽ അവർക്ക് വേണ്ടി വരുത്തുന്ന മാറ്റങ്ങൾ
- ❑ നിങ്ങളുടെ വീടിന്റെ എനേർജി എഫിഷ്യൻസി വർദ്ധിപ്പിക്കൽ

**ഹൗസ്പ്രൗഡിന് എന്ത് ഓഫർ ചെയ്യാനാകും?**
- ❑ നിങ്ങളുടെ സ്വന്തം ഹൗസ്പ്രൗഡ് ഉപദേശകനിൽ നിന്നും വ്യക്തിഗത സഹായവും പിന്തുണയും.
- ❑ സ്വതന്ത്ര സാംപത്തിക ഉപദേശകനിൽ നിന്നും വിദഗ്ധാഭിപ്രായം
- ❑ നിങ്ങളുടെ വസ്തു സന്ദർശിക്കുക, പണിയുടെ കോസ്റ്റഡ് ഷെഡ്യൂൾ എന്നിവ അടങ്ങിയ ടെക്നിക്കൽ സ്റ്റാഫ് സേവനങ്ങൾ
- ❑ വിശ്വസ്തരായ ബിൽഡർമാർ
- ❑ വീടു പണിയുടെ ശരിയായ പരിശോധന, സംതൃപ്തമായ രീതിയിൽ പണി നടത്തിയാൽ മാത്രമേ ബിൽഡർമാർക്ക് പണം ലഭിക്കൂ.

**കൂടുതൽ അറിയണോ?**

കൂടെയുള്ള പോസ്റ്റ് പെയിഡ് കാർഡ് ഫിൽ ചെയ്യുകയോ, ഞങ്ങളുടെ സൗജന്യ ഹെൽപ്പ്ലൈനായ **0800 7837569** ഇൽ വിളിക്കുകയോ ചെയ്യുക. ഞങ്ങൾ സൗജന്യ ഹൗസ്പ്രൗഡ് വിവരണ പാക്കേജും വീഡിയോയും അയച്ചു തരും.

വംശം, നിറം, സാംസ്കാരിക ജന്മം, ലിംഗം, മാരിറ്റൽ സ്റ്റാറ്റസ്, സെക്ഷ്വൽ ഓറിയന്റേഷൻ, പ്രായം, വികലാംഗത്വം എന്നീ കാരണങ്ങളാൽ ഹൗസ്പ്രൗഡുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആരും വ്യത്യസ്തരായി കണക്കാക്കപ്പെടുകയില്ല.

പലിശ നിരക്കുകൾ വ്യക്തമാക്കുന്ന പ്രത്യേക കുറിപ്പോട് ചേർത്താണ് ഈ ബുക്ക്ലെറ്റ് വായിക്കേണ്ടത്. ചോദിച്ചാൽ ഒരു ലിഖിത കൊട്ടേഷൻ ലഭ്യമാണ്. അഥവാ ഈ കുറിപ്പ് കാണുന്നില്ലായെങ്കിൽ **0800 783 7569** ലെ സൗജന്യ ഫോണിൽ വിളിക്കുക.

മോർട്ട്ഗേജിന്റെ തിരിച്ചടയ്ക്കൽ നടത്തിയില്ലെങ്കിലോ അതിൻമേലുള്ള മറ്റ് ലോണുകൾ അടച്ചില്ലെങ്കിലോ നിങ്ങളുടെ വീട് അപകടത്തിലാണ്.